"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവൻരക്ഷാ ക്ലെയിം – കൊല്ലം ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്ത് വരവെ 19.10.2024 തീയതിയിൽ മരണപ്പെട്ട ശ്രീ.എസ്.ലാൽകുമാർ-ന്റെ(സ്വാഭാവിക മരണം) ജീവൻരക്ഷാ ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 5361/2026/ധന** **തീയതി, തിരുവനന്തപുരം, 01/07/2026**

പരാമർശം :- 1. 23/11/2010 ലെ സ.ഉ.(പി) നം. 616/2010/ധന ഉത്തരവ്.

2. 22/02/2023 ലെ സ.ഉ (അച്ചടി) നം. 17/2023/ധന ഉത്തരവ്.

3. 18/11/2023 ലെ സ.ഉ (അച്ചടി ) നം. 112/2023 ധന ഉത്തരവ്.

4. ശ്രീമതി.പ്രസന്ന ലാൽ.എസ് ധനകാര്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ.

5. ഇൻഷ്വറൻസ് ഡയറക്ടറുടെ 07/04/2026 തീയതിയിലെ ഇൻഷ്വ/ജീവൻരക്ഷ/എം.5/ഇ.775623 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്തുവരവെ 19.10.2024 ന് മരണപ്പെട്ട എസ്. ലാൽകുമാർ-ന്റെ (സ്വാഭാവിക മരണം) ജീവൻരക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ ഭാര്യ ശ്രീമതി. പ്രസന്ന ലാൽ. എസ് ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ എസ്. ലാൽകുമാർ-ന്റെ ജീവൻരക്ഷാ ക്ലെയിം പരിശോധിച്ചതിൽ നിന്നും 2024 വർഷത്തേയ്ക്ക് ജി.പി.എ.ഐ.എസ് പ്രീമിയം ഇനത്തിൽ 1000/- രൂപയ്ക്ക് പകരം 875/- രൂപ മാത്രമാണ് ടിയാൾ ഒടുക്കിയിട്ടുള്ളത് എന്ന കാരണത്താൽ പ്രസ്തുത ക്ലെയിം നിരസിച്ചതായി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി സാഹചര്യത്തിൽ, ശ്രീമതി. പ്രസന്ന ലാൽ. എസ് പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12(ഡി) പ്രകാരം അപേക്ഷകനെയും ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും, ജി.പി.എ.ഐ.എസ് പ്രീമിയം തുക മുഴുവനായും ഒടുക്കാതിരുന്നത് മനഃപൂർവ്വമല്ലാത്ത വീഴ്ചയാണെന്നു മനസിലാക്കുന്നതിനാൽ, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് 18/11/2023 ലെ ജി.ഒ(പി) നം.112/2023/ധന ഉത്തരവ് പ്രകാരം സ്വാഭാവിക മരണത്തിനു ജീവൻരക്ഷ പദ്ധതിയുടെ വാഗ്ദത്ത തുകയുടെ (5 ലക്ഷം രൂപയുടെ) 50% ആയ 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ബാങ്ക് വിഹിതമായി ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക് നൽകേണ്ടതാണെന്ന നിർദ്ദേശത്തോടെ, ബാക്കി 50% തുകയായ 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ടിയാളുടെ അവകാശികൾക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ്. എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സെക്രട്ടറി, ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2544, ചാത്തന്നൂർ പി.ഒ, കൊല്ലം - 691572.

ശ്രീമതി. പ്രസന്ന ലാൽ. എസ്, ലക്ഷ്മി ഭവൻ, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ പി.ഒ, കൊല്ലം - 691572.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. 3435382/എസ്റ്റാ-ഡി3/11/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ